# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.34176/AD A3/4/2019/ADMIN തീയതി. 02.03.2020

കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ലഭിക്കുന്ന പ്രതിഫലം വളരെ തുച്ഛമായതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അതിഥി അദ്ധ്യാപകർക്ക് മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന ദിവസങ്ങളിൽ യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി പകരം ശമ്പളം അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ സ.ഉ.(സാധാ)നം. 963/2019/ഉ.വി.വ. തീയതി, 14.06.2019 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് 14.06.2019 മുതൽ സർക്കാർ ലോ കോളേജിലെ അതിഥി അദ്ധ്യാപകർക്ക് കൂടി ബാധകമാക്കി സ.ഉ.(സാധാ) നം.1531/2019/ഉ.വി.വ. തീയതി, 26.08.2019 ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾ, മിനിറ്റ്സ് ഇനം നം. 97/20.01/DDFS-34176/2019 തീയതി 15.02.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #3 of File 34176/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 02-Mar-2020 04:47 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് -ഗവ. ലോ കോളേജ്- കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിച്ച് നൽകിയ ഉത്തരവ് സർക്കാർ ലോ കോളേജിലെ അതിഥി അദ്ധ്യാപകർക്ക് കൂടി ബാധകമാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (സി)വകുപ്പ്

സ.ഉ.(സാധാ) നം.1531/2019/ഉ.വി.വ തീയതി,തിരുവനന്തപുരം, 26/08/2019

---

പരാമർശം:- 1 സ.ഉ (സാധാ) നം. 963/2019/ഉ.വി.വ തീയതി 14/06/2019.

2 തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പലിന്റെ 28.6.2019-ലെ എ1/457/2019 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അതിഥി അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി പകരം ശമ്പളം അനുവദിച്ച് നൽകുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് 14.6.2019 മുതൽ സർക്കാർ ലോ കോളേജിലെ അതിഥി അദ്ധ്യാപകർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA.P
അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ, ഗവ.ലോ കോളേജ് തിരുവനന്തപുരം/എറണാകുളം /തൃശ്ശൂർ/ കോഴിക്കോട്

രജിസ്ട്രാർ, കേരള/മഹാത്മ ഗാന്ധി /കാലിക്കറ്റ് സർവ്വകലാശാല

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് – കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (സാധാ.) നം.963/2019/ഉ.വി.വ തീയതി, തിരുവനന്തപുരം 14.06.2019

---

പരാമർശം - കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5/3/2019 ലെ ഡി1//47983/2018/കോ.വി.വ. നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ പ്രതിഫലമാണെന്നും ആയതിനാൽ ടി അദ്ധ്യാപകർക്ക് ആ ദിവസങ്ങളിൽ യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി ശമ്പളം അനുവദിച്ചു നൽകണമെന്നുമുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു.

2. മൂല്യ നിർണ്ണയം അദ്ധ്യാപനത്തിന്റെ ഭാഗം തന്നെയാണെങ്കിലും അതിഥി അദ്ധ്യാപകർക്ക് ലഭിക്കുന്ന പ്രതിഫലം വളരെ തുച്ഛമായതിനാൽ മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അതിഥി അദ്ധ്യാപകർക്ക് ആ ദിവസങ്ങളിൽ യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി പകരം ശമ്പളം അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.കുശലകുമാരി
അണ്ടർ സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) രജിസ്ട്രാർ, കേരള/മഹാത്മാ ഗാന്ധി/കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാല
3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്
4) www.Higher Education.kerala.gov.in
5) കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ